ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# സൗമ്യതക്ക് വല്ലാത്ത വശീകരണ ശക്തിയാണ്

عن أبي هريرة  رضي الله عنه دخلَ أعرابيٌّ المسجدَ ، والنَّبيُّ صلَّى اللَّهُ عليهِ وسلَّمَ جالسٌ ، فصلَّى فلمَّا فرغَ قالَ
اللَّهمَّ ارحمني ومحمَّدًا ولا ترحمْ معنا أحدًا فالتفتَ إليهِ النَّبيُّ صلَّى اللَّهُ عليهِ وسلَّمَ فقالَ لقد تحجَّرتَ واسعًا فلم يلبثْ
أن بالَ في المسجدِ فأسرعَ إليهِ النَّاسُ فقالَ النَّبيُّ صلَّى اللَّهُ عليهِ وسلَّمَ أهريقوا عليهِ سَجْلًا من ماءٍ أو دلوًا من ماءٍ
ثمَّ قالَ إنَّما بُعثتُم ميسِّرينَ ولم تبعثوا معسِّرينَ ، (الترمذي)

**അബൂ ഹുറയ്‌റ (റ) പറയുന്നു: ഒരു ഗ്രാമീണൻ പള്ളിയിലേക്ക് കടന്നുവന്നു. നബി(സ) അപ്പോൾ പള്ളിയിൽ ഇരിക്കുന്നുണ്ടായിരുന്നു. നമസ്‌കാരം കഴിഞ്ഞപ്പോൾ ആ ഗ്രാമീണൻ ഇപ്രകാരം പ്രാർഥിച്ചു: 'അല്ലാഹുവേ, എനിക്കും മുഹമ്മദിനും കാരുണ്യം നൽകണം. മറ്റാർക്കും നിന്റെ കാരുണ്യം നൽകരുത്.' നബി (സ) അദ്ദേഹത്തോട് പറഞ്ഞു: 'പ്രാർഥനയിൽ നീ വിശാലമായ ഒന്നിനെ ഇടുക്കിക്കളഞ്ഞല്ലോ.' അധികം വൈകാതെ ഗ്രാമീണൻ പള്ളിയിൽ മൂത്രമൊഴിച്ചു. സ്വഹാബാക്കൾ അദ്ദേഹത്തിന്റെ അടുത്തേക്ക് ഓടിയടുത്തു. നബി (സ) അവരോട് പറഞ്ഞു: 'നിങ്ങളവിടെ ഒരു പാത്രം/തൊട്ടി വെള്ളം ഒഴിക്കുക. നിങ്ങളെ അല്ലാഹു നിയോഗിച്ചത് എളുപ്പമാക്കാനാണ്, പ്രയാസമുണ്ടാക്കാനല്ല (തിർമിദി).**

ഇസ്‌ലാം വിനയത്തെയും വിട്ടുവീഴ്ചയെയും വളരെയധികം പ്രോത്സാഹിപ്പിക്കുന്നു. ക്രൂരതയും പരുഷതയും ഒരിക്കലുമത് ഒരു സാഹചര്യത്തിലും ഇഷ്ടപ്പെടുന്നില്ല. ഇക്കാര്യമാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആനും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്: ''നീ വിട്ടുവീഴ്ച കാണിക്കുക. നല്ലതു കൽപിക്കുക. അവിവേകികളെ അവഗണിക്കുക'' (7:199).

നബി(സ)യെ അല്ലാഹു ഇപ്രകാരം ഉണർത്തുന്നുമുണ്ട്: ''അല്ലാഹുവിന്റെ കാരുണ്യം കാരണമാണ് നീ അവരോട് സൗമ്യനായത്. നീ പരുഷപ്രകൃതനും കഠിന മനസ്കനുമായിരുന്നെങ്കിൽ നിന്റെ ചുറ്റുനിന്നും അവരൊക്കെയും പിരിഞ്ഞുപോകുമായിരുന്നു. അതിനാൽ നീ അവർക്ക് മാപ്പേകുക'' (3:159).

അതിക്രൂരനായ ഫറോവയോട് പോലും വിനയത്തോടെ വർത്തമാനം പറയണമെന്ന് മൂസാ, ഹാറൂൻ നബിമാരോട് അല്ലാഹു അനുശാസിക്കുന്നുണ്ട് (*ത്വാഹാ* 44).

നബി(സ)യുടെ ജീവിതത്തിൽ ഈ സ്വഭാവഗുണം ധാരാളമായി കാണാനാവും. മുകളിലെ ഹദീസ് ഇതിനുദാഹരണമാണ്. പരിപാവനമായ പള്ളിയിൽ മൂത്രമൊഴിച്ചയാളോട് പോലും റസൂൽ വളരെ സൗമ്യതയോടെയാണ് പെരുമാറിയതെന്ന് ഹദീസ് വ്യക്തമാക്കുന്നു.

മുആവിയത് ബ്നു അൽ ഹകം (റ) പറയുന്നു: 'ഒരിക്കൽ ഞാൻ അല്ലാഹുവിന്റെ റസൂലി(സ)ന്റെ കൂടെ നമസ്കരിച്ചുകൊണ്ടിരിക്കെ ഒരാൾ തുമ്മി. ഞാൻ يرحمك الله എന്ന് പറഞ്ഞു. അപ്പോൾ ആളുകൾ എന്നെ തുറിച്ച് നോക്കി.


ഞാൻ: 'ഛെ! എന്തിനാണ് നിങ്ങളെല്ലാം എന്നെ നോക്കുന്നത്?' അപ്പോളവർ അവരുടെ തുടയിലടിച്ച് എന്നോട് നിശ്ശബ്ദനാവാൻ സൂചിപ്പിച്ചു. ഞാൻ മിണ്ടാതിരുന്നു. അല്ലാഹുവിന്റെ റസൂലിന്റെ നമസ്കാരം കഴിഞ്ഞു. റസൂലിനെ പോലെ നല്ലൊരു അധ്യാപകനെ മുമ്പോ പിമ്പോ ഞാൻ കണ്ടിട്ടില്ല. അല്ലാഹുവാണ, റസൂൽ എന്നെ ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്തില്ല. സവിനയം എന്നോട് ഇപ്രകാരം പറഞ്ഞു: 'നമസ്കാരം സംസാരിക്കാനുള്ളതല്ല. അതിൽ തസ്ബീഹും തക്ബീറും ഖുർആൻ പാരായണവും മാത്രമേ ആകാവൂ' (മുസ്‌ലിം).

നബിയുടെ ഒരു പ്രാർഥന ആഇശ (റ) നിവേദനം ചെയ്യുന്നതിപ്രകാരമാണ്: ''അല്ലാഹുവേ, എന്റെ ഉമ്മത്തിന്റെ ഏതെങ്കിലുമൊരു കാര്യം ഏറ്റെടുത്ത് അവരെ പ്രയാസപ്പെടുത്തുന്ന അധികാരികളെ നീ തിരിച്ചും പ്രയാസപ്പെടുത്തേണമേ.. എന്റെ ഉമ്മത്തിന്റെ ഏതെങ്കിലുമൊരു കാര്യം ഏറ്റെടുത്ത് അവരോട് സൗമ്യതയിൽ വർത്തിക്കുന്നവരോട് നീയും സൗമ്യത കാണിക്കേണമേ...'' (മുസ്‌ലിം).

ദയയും വിനയവും അല്ലാഹുവിന്റെ സ്വഭാവമാണെന്നും അത് വിശ്വാസികൾ പകർത്തണമെന്നും പ്രവാചകൻ ഉണർത്തി. ആഇശ (റ) പറഞ്ഞു: 'തീർച്ചയായും അല്ലാഹു സൗമ്യനാണ്. സൗമ്യതയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. പരുഷതക്കും മറ്റുള്ളവക്കും നൽകാത്തത് അവൻ സൗമ്യതക്ക് നൽകും'' (മുസ്‌ലിം).

വിനയ സ്വഭാവമില്ലാത്തവന് സകല നന്മകളും തടയപ്പെടുമെന്ന് നബി (സ) മുന്നറിയിപ്പ് നൽകുന്നുണ്ട് (മുസ്‌ലിം).

# മൗലാനാ മുഹമ്മദ് യൂസുഫ് ഇസ്‌ലാഹി
## വിടപറഞ്ഞത് പണ്ഡിത പ്രതിഭ



2021 ഡിസംബർ 21-ന് വിട പറഞ്ഞ മൗലാനാ മുഹമ്മദ് യൂസുഫ് ഇസ്‌ലാഹി ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്ര കൂടിയാലോചനാ സമിതി അംഗവും നിരവധി വിദ്യാഭ്യാസ സാമൂഹിക ക്ഷേമ സ്ഥാപനങ്ങളുടെ അമരക്കാരനുമായിരുന്നു. പ്രമുഖ ഇസ്‌ലാമിക പണ്ഡിതൻ, പ്രഭാഷകൻ, ഗ്രന്ഥകാരൻ, വിദ്യാഭ്യാസ പ്രവർത്തകൻ തുടങ്ങി നിരവധി മേഖലകളിൽ കൈയൊപ്പ് ചാർത്തിയ വ്യക്തിത്വം. 1932-ലാണ് ജനനം. പിതാവ് ഹദീസ് പണ്ഡിതനായിരുന്ന മൗലാനാ അബ്ദുൽ ഖദീം ഖാൻ. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഉത്തർപ്രദേശ് സഹാറംപൂർ മസ്ഹറുൽ ഉലൂമിൽനിന്ന് ഉന്നത വിദ്യാഭ്യാസവും സറായെമീർ മദ്റസതുൽ ഇസ്‌ലാഹിൽനിന്ന് ഫദീല ബിരുദവും കരസ്ഥമാക്കി. നാല് വർഷം അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ ശിഷ്യനായി പഠനം തുടർന്നു. 1953-ലാണ് ജമാഅത്തെ ഇസ്‌ലാമിയിൽ അംഗത്വം ലഭിക്കുന്നത്.

നിരവധി വിദ്യാഭ്യാസ സാമൂഹിക ക്ഷേമ സ്ഥാപനങ്ങളുടെ രക്ഷാധികാരിയായിരുന്നു അദ്ദേഹം. റാംപൂരിലെ ജാമിഅതു സ്വാലിഹാതിന്റെ റെക്ടർ ആയിരുന്നു. മൗലാനാ അബ്ദുൽ ഹയ്യ് ലുധിയാനവി സ്ഥാപിച്ച പ്രസിദ്ധ വനിതാ വിദ്യാഭ്യാസ സ്ഥാപനമാണത്. നിലവിൽ ആയിരത്തിലധികം വനിതകൾ അവിടെ പഠിക്കുന്നുണ്ട്. പാശ്ചാത്യ രാജ്യങ്ങളിൽ ഉൾപ്പെടെ താമസിക്കുന്ന അനേകം ശിഷ്യർ അദ്ദേഹത്തിനുണ്ട്. റാംപൂരിലെ തന്നെ പഠന ഗവേഷണ കേന്ദ്രമായ മർകസീ ദർസ് ഗാഹെ ഇസ്‌ലാമിയുടെ മാർഗദർശകനുമായിരുന്നു അദ്ദേഹം. ലക്ഷണമൊത്ത പ്രഭാഷകനായിരുന്ന ഇസ്‌ലാഹി മാനവികതക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടി പെരുതിക്കൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ *ആദാബെ സിന്ദഗി, ആസാൻ ഫിഖ്ഹ്* എന്നീ ഗ്രന്ഥങ്ങൾ ഏറെ പ്രസിദ്ധമാണ്.

*ആദാബെ സിന്ദഗി* മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആ പുസ്തകത്തിൽ അദ്ദേഹം പറയുന്നതു പോലെ തന്നെ വടിവൊത്ത വസ്ത്രധാരണവും മധുരിക്കുന്ന സംസാരവും ആതിഥ്യമര്യാദയുടെ മകുടോദാഹരണവുമായിരുന്നു അദ്ദേഹം. യൂസുഫ് ഇസ്‌ലാഹിയുടെ വേർപാട് രാജ്യത്തിനും മുസ്‌ലിം ഉമ്മത്തിനും ഇസ്‌ലാമിക പ്രസ്ഥാനത്തിനും കനത്ത നഷ്ടമാണ്. സർവശക്തനായ അല്ലാഹു അദ്ദേഹത്തിന് സ്വർഗത്തിൽ ഉന്നത പദവി നൽകി അനുഗ്രഹിക്കട്ടെ -ആമീൻ ●

(പ്രമുഖരുടെ അനുസ്മരണ കുറിപ്പുകൾ അടുത്ത ലക്കത്തിൽ)

---

ഉബാദത് ബ്നു ശറഹ്ബീൽ പറയുന്നു: 'ഒരു ക്ഷാമ കാലത്ത് ഞാൻ മദീനയിലെത്തി. അവിടെയുള്ള ഒരു തോട്ടത്തിൽ ചെന്നു. ഒരു കുല പൊട്ടിച്ചെടുത്ത് തിന്നു. കുറച്ച് എന്റെ വസ്ത്രത്തിലും സൂക്ഷിച്ചു. തോട്ടക്കാരൻ വന്ന് എന്നെ അടിക്കുകയും വസ്ത്രം പിടിച്ചെടുക്കുകയും ചെയ്തു. ഞാൻ നബിയുടെയടുത്ത് ചെന്ന് കാര്യം പറഞ്ഞു. നബി (സ) അയാളോട് പറഞ്ഞു: 'ഇദ്ദേഹം വിശന്നപ്പോൾ നീ ആഹാരം നൽകിയില്ല. അറിവില്ലാതിരുന്നപ്പോൾ നീ അറിവ് നൽകിയതുമില്ല.' തുടർന്ന് റസൂൽ എന്റെ വസ്ത്രം തിരിച്ച് നൽകാനും ഒരു മൃഗത്തിന് വഹിക്കാവുന്നത്ര ഭക്ഷണം എനിക്ക് നൽകാനും ഉത്തരവിട്ടു' (ഇബ്നുമാജ). ഇത്തരം സൗമ്യമായ പെരുമാറ്റങ്ങളിലൂടെ ആളുകളെ ദീനിലേക്കടുപ്പിക്കാൻ നബി(സ)ക്ക് സാധിച്ചു.

ഒരിക്കൽ ഒരു യുവാവ് നബി(സ)യുടെ അരികിൽ വന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എനിക്ക് വ്യഭിചരിക്കാനുള്ള അനുവാദം നൽകണം.' ആളുകൾ അദ്ദേഹത്തെ ആട്ടിയോടിച്ചു. പ്രവാചകൻ പറഞ്ഞു: 'അദ്ദേഹത്തോട് എന്റെ അടുത്തേക്ക് വരാൻ പറയുക.' അദ്ദേഹം അടുത്തെത്തി. റസൂൽ ചോദിച്ചു: 'നീ നിന്റെ മാതാവിനെ അപ്രകാരം ചെയ്യാൻ ഇഷ്ടപ്പെടുമോ?'

'ഒരിക്കലുമില്ല.'

'ഇല്ല, മനുഷ്യരിലാരും തന്റെ മാതാവിനെ അപ്രകാരം ചെയ്യാൻ ഇഷ്ടപ്പെടില്ല.' റസൂൽ കൂട്ടിച്ചേർത്തു.

'നിന്റെ മകളെ അപ്രകാരം ചെയ്യാൻ ഇഷ്ടപ്പെടുമോ?'

'ഒരിക്കലുമില്ല.'

'ഇല്ല, മനുഷ്യരിലാരും തന്റെ മകളെ അപ്രകാരം ചെയ്യാൻ ഇഷ്ടപ്പെടില്ല.'

'നിന്റെ സഹോദരിയെ അപ്രകാരം ചെയ്യാൻ ഇഷ്ടപ്പെടുമോ?'

'ഒരിക്കലുമില്ല.'

'ഇല്ല, മനുഷ്യരിലാരും തന്റെ സഹോദരിയെ അപ്രകാരം ചെയ്യാൻ ഇഷ്ടപ്പെടില്ല.'

'നിന്റെ മാതൃസഹോദരിയെ അപ്രകാരം ചെയ്യാൻ നീ ഇഷ്ടപ്പെടുമോ?'

'ഒരിക്കലുമില്ല.'

'ഇല്ല, മനുഷ്യരിലാരും തന്റെ മാതൃസഹോദരിയെ അപ്രകാരം ചെയ്യാൻ ഇഷ്ടപ്പെടില്ല.'

പ്രവാചകൻ അദ്ദേഹത്തെ അണച്ചു പിടിച്ച് കൊണ്ട് പറഞ്ഞു: 'അല്ലാഹുവേ, ഇദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്ത് കൊടുക്കേണമേ.. ഹൃദയം വിശുദ്ധമാക്കേണമേ.. ലൈംഗികാവയവത്തെ പവിത്രമാക്കേണമേ..' പിന്നീട് ഈ യുവാവ് ഇത്തരം തിന്മകളിലേക്ക് തിരിഞ്ഞ് നോക്കിയിട്ടേയില്ല (അഹ്മദ്).

നബി (സ) എന്തെങ്കിലും കാര്യങ്ങൾക്കായി ദൂതന്മാരെ അയക്കുമ്പോൾ ഇപ്രകാരം പറയാറുണ്ടായിരുന്നു: 'ആളുകളെ സന്തോഷിപ്പിക്കുക, വെറുപ്പിക്കരുത്. എളുപ്പമാക്കുക, പ്രയാസപ്പെടുത്തരുത്' (മുസ്‌ലിം).

ഒരിക്കൽ ആഇശ(റ)യെ വിളിച്ച് റസൂൽ പറഞ്ഞു: 'ആഇശാ... സൗമ്യതയിൽ പെരുമാറുക, അല്ലാഹു ഒരു കുടുംബത്തെ ഇഷ്ടപ്പെട്ടാൽ ആ വീട്ടിൽ സൗമ്യത കടന്നുവരാൻ അനുവദിക്കും' (അഹ്മദ്). ●